## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:147 10/12/2012 - ൽ മറുപടിക്ക്

## രാമന്തളി നടപ്പാലം നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി: |
| വലിയപറമ്പ് പഞ്ചായത്തിനെ രാമന്തളി യുമായി ബന്ധിപ്പിക്കുന്ന 'രാമന്തളി നട പ്പാലം നിർമ്മാണം' ഇപ്പോൾ ഏതു ഘട്ട ത്തിലാണെന്നും ഈ പ്രവൃത്തി എന്നാ രംഭിക്കാൻ കഴിയുമെന്നും വ്യക്തമാ ക്കാമോ? | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിനെയും കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാലം നിർമ്മി ക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി. എഫ് XVI-ൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയി രുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് അധികൃതർ, മറ്റു ജനപ്രതി നിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിന് പകരമായി ഒരു ഒറ്റവരി പാലമാണ് ആവശ്യമെന്ന് അറിയിക്കുക യുമുണ്ടായി. ആയതിനാൽ മേൽ നടപ്പാലത്തിന് പകരം ഒറ്റവരി പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പുതുക്കിയ 2010 ഷെഡ്യൂൾ നിരക്കനു സരിച്ച് പരിഷ്ക്കരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു. |

എന്നാൽ 01/10/2012 മുതൽ 2012 ഷെഡ്യൂൾ ഓഫ് റേറ്റ് വന്ന സാഹചര്യത്തിൽ 15 കോടി രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് നബാർഡിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ